മിസ്റ്റർ കെ. പി. വള്ളോൻ.—ഗവമ്മെണ്ടിനു വല്ല ആദായവും തരാമെന്നു പറഞ്ഞാൽ അവക്കു കൊടുക്കുവാൻ വിരോധമുണ്ടോ?

രാമവമ്മതമ്പുരാൻ.—ചോദ്യം മനസ്സിലായിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഗവമ്മെണ്ടിനു വല്ല ആദായവും തരാമെന്നുപറഞ്ഞാൽ അവക്കു കൊടുക്കുവാൻ വിരോധമുണ്ടോ എന്നാണു ചോദിയ്ക്കുന്നതു.

രാമവമ്മതമ്പുരാൻ.—ടെൻഡർ വിളിച്ചു കൊടുക്കുവാൻ വിരോധമില്ല.

## Management of the hostel for Depressed classes in Trichur.

279. മിസ്റ്റർ കെ. പി. വള്ളോൻ.—തൃശ്ശിവപേരൂരിൽ തുടങ്ങീട്ടുള്ള അധഃകൃതഹോസ്റ്റലിൽ നിയമിതരായിട്ടുള്ള ജോലിക്കാരുടെയും ഉദ്യോഗസ്ഥന്മാരുടേയും വീട്ടുപേരും ജാതിയും പേരും വിശദമായി പറയുമൊ; ഹോസ്റ്റലിൽ എത്ര അധഃകൃതവിദ്യാർത്ഥികളാണുള്ളതു; ഹോസ്റ്റലിലേക്കു വിദ്യാർത്ഥികളുടെ ഭക്ഷണം മുതലായവക്കു ചിലവു പ്രതിമാസം എന്തു; ഉദ്യോഗസ്ഥന്മാരുടെയും വേലക്കാരുടെയും ശമ്പളം വകയിൽ ഹോസ്റ്റലിലേയ്ക്കു മാസം എന്തുവീതം ചിലവാകും?

രാമവമ്മതമ്പുരാൻ.—

| വാർഡൻ. | ജാതി. |
|---|---|
| കരാട്ടുപറമ്പിൽ കേശവൻ | തീയൻ. |
| വെപ്പുകാർ. | |
| (എ) അമ്പാട്ടു ഗോപാലൻനായർ | നായർ. |
| (ബി) ചുണ്ടയിൽ രാവുണ്ണി | തീയൻ. |

ഹോസ്റ്റലിൽ ഇപ്പോൾ 17 അധഃകൃതവിദ്യാർത്ഥികളുണ്ടു.

ഭക്ഷണം മുതലായവയ്ക്കു മാസംതോറും കൂടി ഒന്നിന്നു 8 ക. വീതം അനുവദിച്ചിട്ടുണ്ടു. വാർഡനേറയും വെപ്പുകാരുടേയും ശമ്പളം വകയ്ക്കു മാസത്തിൽ 12 രൂ. ക. ചിലവാകുന്നുണ്ടു.

മിസ്റ്റർ കെ. പി. വള്ളോൻ.—12 ൽ 12-ാമത്തെ ചോദ്യത്തിൽ പറഞ്ഞിട്ടുള്ള ലേബർ ഇൻസ്പെക്ടരും ഹോസ്റ്റലിലെ വാർഡനും ഒരു കുടുംബത്തിൽപ്പെട്ടവരാണെന്നു ഗവമ്മെണ്ടിനറിയാമോ?

രാമവമ്മതമ്പുരാൻ.—ഇപ്പോൾ അറിഞ്ഞു.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ വക കാര്യങ്ങളെക്കുറിച്ചു ഗവമ്മെണ്ടിൽനിന്നും അന്വേഷിയ്ക്കാറില്ലേ?

രാമവമ്മതമ്പുരാൻ.—അന്വേഷിച്ചു നോക്കിയിട്ടില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഇതിൽ പുലയരെ ഒന്നും കാണാത്തതെന്തുകൊണ്ടാണു?

രാമവമ്മതമ്പുരാൻ.—പുലയരെ വച്ചിട്ടില്ല; അതുകൊണ്ടു കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. വള്ളോൻ.—അധ്യക്ഷതയിൽനിന്നും ആരെങ്കിലും പാപകജോലിയ്ക്ക് അപേക്ഷ അയച്ചിട്ടുണ്ടായിരുന്നോ?

രാമവർമ്മതമ്പുരാൻ.—നോട്ടീസ് വേണം.

മിസ്റ്റർ കെ. അയ്യപ്പൻ.—മുമ്പ് നടത്തിയ നിയമനങ്ങൾക്ക് ശേഷമുള്ള പുതിയ നിയമനങ്ങളിൽ പുലയരെ വയ്ക്കാത്തതെന്തുകൊണ്ടാണെന്ന് പ്രൊട്ടക്ടറോട് എഴുതി ചോദിച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—അവരെ വയ്ക്കാത്തതിന്റെ ഉദ്ദേശം, അവരിലും ഈ ജാതിവ്യത്യാസമതക്കമൊക്കെയുണ്ട്. അങ്ങിനെയുള്ള തക്കം വരാതിരിയ്ക്കുവാനാണ് ഇങ്ങനെയുള്ളവരെ നിയമിച്ചതെന്ന് റിപ്പോർട്ട് കിട്ടി. അതിനെ രണ്ടാമതും പ്രൊട്ടക്ടറോടു് എഴുതി ചോദിയ്ക്കാം.

മിസ്റ്റർ കെ. അയ്യപ്പൻ.—പ്രൊട്ടക്ടറിൽനിന്നും കിട്ടിയ റിപ്പോർട്ട് ശരിയാണെന്ന് ഗവർമ്മെണ്ടു് സമ്മതിച്ചോ?

രാമവർമ്മതമ്പുരാൻ.—ശരിയാണെന്നു് തോന്നി.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഈ ജാതിവ്യത്യാസം പുലത്തണമെന്നാണോ ഗവർമ്മെണ്ടിന്റെ ഉദ്ദേശം?

രാമവർമ്മതമ്പുരാൻ.—അതൊന്നുമല്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഗവർമ്മെണ്ടിൽനിന്ന് അതിലേയ്ക്ക് ശരിയായിട്ട് എന്തെങ്കിലും സമാധാനമുണ്ടാക്കാൻ സാധിയ്ക്കുകയില്ലേ?

രാമവർമ്മതമ്പുരാൻ.—ഈ വഴിയ്ക്ക് സാധിയ്ക്കുകയില്ല.

മിസ്റ്റർ എം. കെ. രാമൻ.—ഹോസ്റ്റലിൽ വിദ്യാർത്ഥികളുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. ഇതിൽ രണ്ടു തീയ്യന്മാരുടെ പേരേ കാണുവാനുള്ളൂ.

രാമവർമ്മതമ്പുരാൻ.—ആ ഒൻപതു് പേരുടെ പേരുകളും മുമ്പു പറഞ്ഞിട്ടുണ്ട്. ഇവർ രണ്ടുപേരെ വച്ചിട്ടുള്ളതിന്റെ ഉദ്ദേശം രാമനു് ദിനം പിടിച്ചാൽ പകരം ഒരാൾ വേണ്ടേ? അതിനാണ് രണ്ടു പേരേ വച്ചിരിയ്ക്കുന്നതു്.

ഡാക്ടർ എ. ജി. മേനോൻ.—രണ്ടാൾക്കും ഒരുമിച്ചു ദിനം പിടിച്ചാലോ?

രാമവർമ്മതമ്പുരാൻ.—അപ്പോൾ മൂന്നാമതു് ഒരാളെ വയ്ക്കും.

മിസ്റ്റർ കെ. പി. വള്ളോൻ.—അധ്യക്ഷതയുടെ കായ്ത്തലിൽ ഗവർമ്മെണ്ടിന്റെ ശരിയായ സഹായം ഉണ്ടാകാത്തതുകൊണ്ടല്ലേ ഈ വാദം നിലനില്ക്കുന്നതു്?

രാമവർമ്മതമ്പുരാൻ.—ഇതൊന്നും ജാതിവ്യത്യാസം നിലനില്ക്കുവാനുള്ള സഹായമല്ല. പ്രൊട്ടക്ടറോടു് യോജിച്ചു് എന്തെങ്കിലും ഗവർമ്മെണ്ടിനു് ചെയ്യുവാൻ തരമുള്ളൂ.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ.—ഈ വാദം നിലനിർത്തുവാൻ കൊള്ളാവുന്ന ഒന്നാണെന്നാണോ ഗവർമ്മെണ്ടിന്റെ അഭിപ്രായം?

LIBRARY ARCHIVES Kerala Legislative Assembly

രാമവമ്മതമ്പുരാൻ.—അങ്ങിനെ ഒരഭിപ്രായം ഗവമ്മെണ്ടിനില്ല.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ.—ഇതു് ചീത്തയാണെന്നോ നല്ലതാണെന്നോ ഗവമ്മെണ്ടിനു് തോന്നുന്നതു്?

രാമവമ്മതമ്പുരാൻ.—നല്ലതോ ചീത്തയോ എന്നു കണ്ടാലറിയാം. ഈ വിഷയത്തിൽ ഗവമ്മെണ്ടിനു് അതിനെക്കുറിച്ചാലോചിക്കേണ്ട കാര്യമില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ.—അധഃകൃത ഹോസ്റ്റലിൽ ആകെ എത്ര വിദ്യാർത്ഥികളുണ്ടു്?

രാമവമ്മതമ്പുരാൻ.—അതിന്റെ ഉത്തരം ഇതിൽ പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അവർ മുഴുവനും അധഃകൃതരല്ലേ?

രാമവമ്മതമ്പുരാൻ.—അതേ.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അധഃകൃതരുടെയിടയിൽ ജാതിവ്യത്യാസമുണ്ടെന്നുള്ളതിനു് ഒരു ഉദാഹരണം പറയാമോ?

മിസ്റ്റർ എം. കെ. രാമൻ.—പാചകജോലിയ്ക്കു് അധഃകൃതവിദ്യാർത്ഥികളുടെ കൂട്ടത്തിൽനിന്നും ഒരാളെ വച്ചാൽ പോരെന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—അവരുടെയിടയിൽതന്നെ ഈ ജാതിവ്യത്യാസമുള്ളതുകൊണ്ടു് അങ്ങിനെ വച്ചിട്ടില്ലാത്തതാണു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അവക്കു് ഈ കാര്യത്തിൽ വിരോധമില്ലെങ്കിൽ അവരുടെ കൂട്ടത്തിൽനിന്നും ഒരാളെ വച്ചാലെന്താണു്?

രാമവമ്മതമ്പുരാൻ.—വിരോധമുണ്ടോ ഇല്ലയോ എന്നു അവരോടു ചോദിച്ചു നോക്കീട്ടില്ല.

മിസ്റ്റർ കെ. അയ്യപ്പൻ.—ഇനിയെങ്കിലും ചോദിയ്ക്കുമോ?

രാമവമ്മതമ്പുരാൻ.—ഇതെല്ലാം സ്റ്റുഡൻസിനോടു് ചോദിയ്ക്കുവാൻ വലിയ വിഷമമാണു് എങ്കിലും ചോദിയ്ക്കാം.

ഡാക്ടർ എ. ജി. മേനോൻ.—ഈ വിഷയം കൌൺസിലിൽ വരുന്നതിനു് മുമ്പു് ഇതിനെപ്പറ്റി വല്ലതും ചോദിച്ചിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ഇല്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—വാർഡന്റെയും വച്ചുകാരുടെയും ശമ്പളം വകയ്ക്കു മാസത്തിൽ ഉറുപ്പിക. ചിലവാകുന്നുണ്ടെന്നു് പറഞ്ഞിരിയ്ക്കുന്നു. വച്ചുകാരുടെ ശമ്പളമെത്രയാണു്?

രാമവമ്മതമ്പുരാൻ.—നിശ്ചയമില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഈ വച്ചുകാരായി നിയമിച്ചിട്ടുള്ള രണ്ടുപേരും ഒരു സമുദായക്കാരോ, അല്ല വേറെവല്ല സമുദായക്കാരോ?

LIBRARY ARCHIVES Kerala Legislative Assembly

രാമവർമ്മതമ്പുരാൻ.—നിശ്ചയമില്ല.

**Dr. A. R. Menon.**—How did the Government come to the conclusion that they would resent to one of the appointments?

**Rama Varmha Tampuran.**—Because a responsible Head of Department, who is in charge of the institution, reported.

**Dr. A. R. Menon.**—Out of Rs. 45, Rs. 23 is paid to the attendants. Don't you think that is rather too high a proportion?

**RamaVarmha Tampuran.**—We can't go on proportions. We want to give them the minimum wages.

**Dr. A. R. Menon.**—What do they get for eating if only the remaining portion is given?

മിസ്റ്റർ സി. എ. ഔസേപ്പ്.—ഈ പുലയരുടെ ഇടയിൽ ജാതിവ്യത്യാസമുണ്ടെങ്കിൽ അവരുടെ ഇടയിൽനിന്നും ഒരു പുലയ ബ്രാഹ്മണനെ വച്ചാൽ പോരേ?

രാമവർമ്മതമ്പുരാൻ.—ആളുണ്ടെങ്കിൽ വയ്ക്കാൻ വിരോധമില്ല.

ഡാക്ടർ എ. ജി. മേനോൻ.—ഈ ഒമ്പതു കുട്ടികൾക്കു് രണ്ടു വച്ചുകാർ എന്തിനാണു്? ഒരാൾ പോരേ? അതിനെപ്പറ്റി അന്വേഷിയ്ക്കുമോ?

രാമവർമ്മതമ്പുരാൻ.—അന്വേഷിയ്ക്കുവാൻ വിരോധമില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഈ ഹോസ്റ്റൽ സ്കൂളിൽനിന്നും എത്രയകലെയാണെന്നറിയാമോ?

രാമവർമ്മതമ്പുരാൻ.—നിശ്ചയമില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—മൂന്നു മൈൽ അകലേ ആണെന്നറിയാമോ?

രാമവർമ്മതമ്പുരാൻ.—അറിവില്ല.

മിസ്റ്റർ കെ. അയ്യപ്പൻ.—അറിയാൻ ശ്രമിയ്ക്കുമോ?

രാമവർമ്മതമ്പുരാൻ.—ശ്രമിയ്ക്കാം.

## Expenditure on school buildings.

**280. Mr. Joseph Pettah.**—Will the Government be pleased to furnish a statement showing the annual expenditure from 1101 to 1107 (both inclusive) on (a) original works including extensions and (b) repairs in respect of:

1. Elementary Sirkar school buildings;
2. Secondary Sirkar school buildings,
3. Industrial Sirkar school buildings?

**Mr. M. D. Narayana Ayyar.**—A statement is appended. (*Appendix I*).

LIBRARY ARCHIVES Kerala Legislative Assembly